## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 614 — 08/08/2017-ൽ മറുപടിക്ക്

### വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ

| | ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പ്രതീക്ഷിച്ച മഴ ലഭിക്കാത്തതിനാൽ കേരളം വൈദ്യുതി ക്ഷാമത്തിലേക്ക് എന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ വർഷത്തെ വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് കേരളത്തിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | 2017-18 കാലയളവിലെ വൈദ്യുതി ഉപഭോഗം ഏതാണ്ട് 24770 ദശലക്ഷം യൂണിറ്റായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. വർദ്ധിച്ചു വരുന്ന ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 865 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറിൽ DBFOO tender വഴി ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് 2016-17 കാലയളവിൽ ലഭിച്ചു തുടങ്ങി. ശേഷിക്കുന്ന 550 മെഗാവാട്ട് വൈദ്യുതി 01.10.2017 മുതൽ ലഭിച്ചു തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.<br>ഇത് കൂടാതെ നിലവിലുള്ള കാലവർഷ കുറവ് കാരണം ഉണ്ടായേക്കാവുന്ന ആഭ്യന്തര ഉല്പാദനത്തിലെ കുറവ് മുൻകൂട്ടി കണ്ട്, ഇപ്പോൾ തന്നെ പവർ എക്സ്ചേഞ്ചിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങി വേനൽക്കാലത്തെ ആവശ്യത്തിന് വേണ്ടി ജലം സംഭരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഇപ്രകാരം പ്രതീക്ഷിച്ചതിന്റെ 80 ശതമാനം മാത്രം മഴ ലഭിച്ചാൽ പോലും 2017-18-ൽ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്. എന്നാൽ നിലവിൽ പ്രതീക്ഷിച്ചതിന്റെ 60-70 ശതമാനം മഴ മാത്രമെ ഇതുവരെ ലഭിച്ചിട്ടുള്ളൂ. ഈ സാഹചര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ് ലിമിറ്റഡ് കൃത്യമായി അവലോകനം ചെയ്തു വരികയാണ്. വരും ദിവസങ്ങളിൽ മഴ ശക്തിപ്പെടുകയും തുലാവർഷം ശക്തമായി ലഭിക്കുകയും ചെയ്താൽ മേൽ സൂചിപ്പിച്ച പ്രകാരം തന്നെ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്. എന്നാൽ മഴയുടെ ദൌർലഭ്യം അനിശ്ചിതമായി നീണ്ടുപോവുകയാണെങ്കിൽ ഹ്രസ്വ-കാലത്തേയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ കൈക്കൊള്ളുന്ന കാര്യവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ